**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5990** **09-07-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിൽ നിർമ്മിക്കുന്ന പ്രൊഡക്ടുകൾ എന്തെല്ലാമാണ് വിശദമാക്കാമോ; | (എ) | കെ ഇ എൽ എടരിക്കോട് യൂണിറ്റിൽ നിർമ്മിക്കുന്ന പ്രോഡക്ടുകൾ ചുവടെ പറയുന്നവയാണ്.<br><br>കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമറുകൾ (CRT)<br><br>ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ യൂണിറ്റുകൾ (ASLC)<br><br>പോർസലൈൻ ഫ്യൂസുകൾ (FUSE UNITS) |
| (ബി) | പ്രസ്തുത യൂണിറ്റിൽ നിന്നുള്ള ഉല്പന്നത്തിന് സർക്കാരിന്റെ ഓർഡറുകൾ ലഭിക്കാത്തത് കമ്പനിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല.<br><br>കെൽ എടരിക്കോട് യൂണിറ്റിൽ ഉയർന്ന കെട്ടിടങ്ങളിലും മറ്റും ഉപയോഗിക്കുവാനുള്ള ഓയിൽ ഇല്ലാത്ത, ഡ്രൈ ടൈപ്പ് ട്രാൻസ്ഫോർമറുകളും റെസിൻ കാസ്റ്റ് ട്രാൻസ്ഫോർമറുകളും ഉല്പാദിപ്പിക്കുന്ന പ്ലാന്റാണ് നിലവിലുള്ളത്. ഇവിടെ ഉല്പാദിപ്പിക്കുന്ന കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമറുകൾ സ്വകാര്യ-സ്ഥാപനങ്ങൾക്കാണ് പ്രധാനമായും വിറ്റഴിക്കുന്നത് ട്രാൻസ്ഫോർമറുടെ പ്രധാന ഉപഭോക്താക്കളായ കെ. എസ്. ഇ. ബി.യ്ക്ക് പ്രസ്തുത ട്രാൻസ്ഫോർമറിന്റെ ആവശ്യം ഇല്ലാത്തതിനാലാണ് സർക്കാർ തലത്തിലുള്ള ഓർഡറുകളിൽ കുറവുള്ളത്. |
| (സി) | പ്രസ്തുത കമ്പനി നിലവിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽ നിന്നും നിർമ്മിച്ച ട്രാൻസ്ഫോർമറിന്റെ വിശദമായ വിവരങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ; | (സി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് കൂടുതൽ വർക്ക് ഓർഡറുകൾ സ്ഥാപനത്തിന് നൽകുമോ; വിശദമാക്കാമോ? | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി അവയുടെ ഉല്പന്നങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭിക്കുന്ന രീതിയിൽ മത്സരാധിഷ്ഠിതമായി പ്രവർത്തിക്കുന്നതിന് സജ്ജമാകുന്ന തരത്തിൽ വിവിധ തലങ്ങളിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | കെൽ എടരിക്കോട് യൂണിറ്റിൽ നിർമ്മിച്ച ട്രാൻസ്ഫോർമറുകളുടെ വിവരം (in KVA rating) |
|---|---|
| 2016 | 1250, 400, 500 |
| 2017 | 750, 315, 200, 160, 500, 630, 100, 250 |
| 2018 | 500, 315, 160, 750, 630, 1000, 250 |
| 2019 | 160, 200, 315, 250 |
| 2020 | 630, 500, 200, 315 |
| 2021 | 400, 630, 315, 160, 250, 500 |
| 2022 | 250, 400, 800, 600, 1000, 250, 630 |
| 2023 | 250, 160 & 200 (multi panel), 315, 750, 800, 160, 500 |
| 2024 | 1000, 1250, 1000&1000(multi panel), 250, 750, 500 |

സെക്ഷൻ ഓഫീസർ